




**സമത്വത്തിനുവേണ്ടി നടത്തുന്ന ദലിത് സമരങ്ങളെ ശക്തിപ്പെടുത്താൻ ഗാന്ധിജി ബോധപൂർവ്വം ശ്രമിച്ചുണ്ടെന്ന്**

**കെ.കെ. കൊച്ച്**

# ഗാന്ധിയും അംബേദ്ക്കറും

**ഗാന്ധിജി** അന്നത്തെ ദേശീയ നേതൃത്വത്തിലൂടെയായിരുന്നില്ല ഇന്ത്യയെ കണ്ടെത്തിയത്. അദ്ദേഹത്തിന് ഇന്ത്യ ഗ്രാമങ്ങളുടെയും ദരിദ്രരുടെതുമായരുന്നു. ആ ഇന്ത്യയിൽ മതങ്ങളും ജാതികളും അവ തമ്മിലുള്ള സംഘർഷ സമന്വയങ്ങളുമുണ്ടായിരുന്നു. ഇപ്രകാരമൊരു ഇന്ത്യയെ കണ്ടെത്താൻ കഴിഞ്ഞ മറ്റൊരു ദേശീ നേതാവ് ഡോ. ബി.ആർ.അംബേദ്കറാണ്. ഇവരുടെ സംവാദാത്മകമായ ബന്ധത്തിലൂടെയാണ് ഭരണഘടനയില ദളിതരുടെ അവകാശങ്ങൾ രൂപംകൊണ്ടത്. അതായത്. ദളിതരുടെ പ്രക്ഷോഭങ്ങൾ, മത-ഭാഷ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾഎന്നിവ ഭരണഘടനയിൽ ഉൾച്ചേർപ്പെട്ടത്.

ഗാന്ധിജി ഹിന്ദുമതവിശ്വാസിയായിരുന്നു മാത്രമല്ല, ആ മതത്തിൽ നൂറ്റാണ്ടുകളിലൂടെ നിലനിന്ന ചാതുർവർണ്യത്തെ ബ്രാഹ്മണ, ക്ഷത്രിയ വൈശ്യ, ശുദ്ര വിഭജനത്തെ - അംഗീകരിക്കുകയും ചെയ്തിരുന്നു. 1936-ൽ വർണ്ണ വ്യവസ്ഥയെക്കുറിച്ച് അദ്ദേഹം ഇപ്രകാരമെഴുതി. "വർണ്ണവും ആശ്രമവും സ്ഥാപനങ്ങളാണ്. അവയ്ക്ക് ജാതിയുമായി ബന്ധമില്ല. ഓരോരുത്തർക്കും. പരമ്പരാഗതമായ തൊഴിൽ ചെയ്ത് ഉപജീവനം നടത്തണമെന്നാണ് വർണ്ണം നമ്മെ പഠിപ്പിക്കുന്നത്. അതു നർവ്വഹിച്ചു തരുന്നത് നമ്മുടെ അവകാശങ്ങളല്ല നമ്മുടെ കടമകളാണ്. അത് മാനവരാശിയുടെ ക്ഷേമത്തിനിണങ്ങുന്ന തൊഴിലുകളെപ്പറ്റി തീർച്ചയായും പരമാർശിക്കുന്നുണ്ട്. എന്നാൽ ഏറ്റവും താഴ്ന്നതോ ഏറ്റവും ഉയർന്നതോ ആയ തൊഴിലുകളെപ്പറ്റി അത് പരാമർശിക്കുന്നില്ല. എല്ലാ തൊഴിലുകളും നല്ലതാണ്. നിയമപരമാണ്. പദവിയിൽ തികച്ചും തുല്യവുമാണ്." 1927-ൽ കേരളത്തിൽവെച്ചും ഗാന്ധിജി ഇതേ അഭിപ്രായമാണ് പ്രകടിപ്പിച്ചത്. ഗാന്ധിജിയുടെ മതപരമായ വീക്ഷണം. സനാതന ഹിന്ദുധർമ്മത്തിൽനിന്ന് വിഭിന്നമാകുന്നത്. മതത്തിന് അദ്ദേഹം. നൽകുന്ന നിർവചനത്തിലൂടെയാണ് 1940ൽ അദ്ദേഹം എഴുതി "The Ultimate definition of religion may be get to be obedience to the law of God. Go and his law are synonymous terms, There God signifiles an unchanging and living law" ഇപ്രകാരമുള്ള മതബോധത്തെ

സാമൂഹ്യവൽക്കരിക്കുകയായിരുന്നു ചാതുർവർണ്യത്തിലെ അഞ്ചാം വർണ്യവുമായുള്ള അയിത്തക്കാരുടെ പുനർനിർമ്മിതി. ഈ പുനർനിർമ്മിതി ആധുനിക ലോകത്തിന് സ്വീകാര്യമാണോ എന്നതിനപ്പുറം പ്രസക്തമാകുന്നത് അയിത്തക്കാർക്കൊരു സാമൂഹ്യനില കൽപ്പിക്കപ്പെട്ടു എന്നതിനാലാണ്.

ഹിന്ദുമത പരിഷ്കരണത്തിന്റെ ഭാഗമായാണ് അയിത്തോച്ചാടനം ഗാന്ധിജിയുടെ കർമ്മപദ്ധതിയാകുന്നത്. ഇപ്രകാരം ഒരാശയത്തിനാധാരമായ ഇന്ത്യയുടെ അവസ്ഥയെക്കുറിച്ചു വ്യക്തമായ ധാരണ അദ്ദേഹം ദക്ഷിണാഫ്രിക്കയിൽവച്ചുതന്നെ രൂപവത്കരിച്ചിരുന്നു. "എന്റെ സത്യാമ്പേഷണ പരീക്ഷണകഥ' ആത്മകഥയിൽ ഗാന്ധിജി എഴുതി" "ഹിന്ദുമതത്തിന്റെ കുറവുകൾ എനിക്കു വ്യക്തമായി കാണാമായിരുന്നു. തൊട്ടുകൂടായ്മ ഹിന്ദുമതത്തിന്റെ ഭാഗമാണെങ്കിൽ അതൊരു ചീത്തഭാഗമോ അനാവശ്യ വളർച്ചയോ ആയിട്ടേ കണക്കാക്കാൻ കഴിയൂ. എണ്ണമറ്റ വിഭാഗങ്ങളും ജാതികളും നിലനിൽക്കുന്നതിന് യാതൊരു നീതികരണവും എനിക്കുകാണാൻ കഴിഞ്ഞില്ല. വേദങ്ങൾ ദൈവപ്രചോദിത വചനങ്ങളാണെന്നു പറയുന്നതിന്റെ അർത്ഥമെന്താണ്? അവ ദൈവപ്രചോദിതമെങ്കിൽ എന്തുകൊണ്ട് ബൈബിളും ഖുറാനും അങ്ങനെ ആയിക്കൂടാ? പിന്നീട് 1936-ൽ അദ്ദേഹമെഴുതി. ''നിലവിലുള്ള തൊട്ടുകൂടായ്മയെ ശാസ്ത്രങ്ങൾ പിന്താങ്ങുന്നുവെങ്കിൽ ഞാൻ ഹിന്ദുവെന്നുസ്വയം വിളിക്കുകയോ ഹിന്ദുവായി തുടരുകയോ ചെയ്യുകയില്ല." മുൻചൊന്ന വീക്ഷണങ്ങളിലൂടെ നടപ്പാക്കിയ അയിത്തോച്ചാടനത്തിന്റെ ലക്ഷ്യം ഹിന്ദുമതത്തിൽ അയിത്തക്കാരുടെ സംയോജനത്തോടൊപ്പം സാമൂഹിക വിഭജനങ്ങളുടെ മറികടക്കലും കൂടിയായിരുന്നു. അതുകൊണ്ടാണ് പൊതുവഴികൾ, കിണറുകൾ, സ്കൂളുകൾ, ക്ഷേത്രങ്ങൾ, ശ്മശാനങ്ങൾ എന്നിവയിൽ ദലിതർക്ക് നിർവചനങ്ങളുണ്ടാകരുതെന്ന് അദ്ദേഹം നിഷ്കർഷിച്ചത്. 1936ൽ ഹരിജനിൽ അദ്ദേഹം എഴുതി '' മിശ്രഭോജനത്തെയും മിശ്രവിവാഹത്തെയും അനുകൂലിക്കാൻ എനിക്കൊരു മടിയുമില്ല.'' ഇതിന്റെ ഫലമായാണ് ഗാന്ധി അയിത്തോച്ചാടനത്തെ ഒരു കർമ്മപരിപാടിയാക്കി മാറ്റിയത്.



**ഗാന്ധിജി ദളിതരെ ഉൾക്കൊണ്ടപ്പോൾതന്നെ, സവർണ്ണരെ അദ്ദേഹം വെറുത്തില്ല. സവർണ്ണരോടുള്ള വെറുപ്പ് അംബേദ്കറിനും ഉണ്ടായിരുന്നില്ല. തന്മൂലം, സാമൂഹിക വിഭജനങ്ങളെ മറികടക്കാനദ്ദേഹം നിയമനിർമ്മാണങ്ങളെ ആധാരമാക്കിയപ്പോൾ, ഗാന്ധിജിയാകട്ടെ സവർണ്ണരുടെ മതപരിവർത്തനത്തെയാണ് അടിസ്ഥാനമാക്കിയത്. ഹിന്ദുമതത്വത്തിന്റെ ശാപമായ അയിത്തം തുടച്ചു നീക്കേണ്ടത് സംഘർഷാത്മകമായിട്ടല്ലെന്നും സവർണ്ണമതത്തെ ശുദ്ധീകരിച്ചുകൊണ്ടായിരിക്കണമെന്നും അദ്ദേഹം വാദിച്ചു**


ഗാന്ധിജി ദളിതരെ ഉൾക്കൊണ്ടപ്പോൾതന്നെ, സവർണ്ണരെ അദ്ദേഹം വെറുത്തില്ല. സവർണ്ണരോടുള്ള വെറുപ്പ് അംബേദ്കറിനും ഉണ്ടായിരുന്നില്ല. തന്മൂലം, സാമൂഹിക വിഭജനങ്ങളെ മറികടക്കാനദ്ദേഹം നിയമനിർമ്മാണങ്ങളെ ആധാരമാക്കിയപ്പോൾ, ഗാന്ധിജിയാകട്ടെ സവർണ്ണരുടെ മതപരിവർത്തനത്തെയാണ് അടിസ്ഥാനമാക്കിയത്. ഹിന്ദുമതത്വത്തിന്റെ ശാപമായ അയിത്തം തുടച്ചു നീക്കേണ്ടത് സംഘർഷാത്മകമായിട്ടല്ലെന്നും സവർണ്ണമതത്തെ ശുദ്ധീകരിച്ചുകൊണ്ടായിരിക്കണമെന്നും അദ്ദേഹം വാദിച്ചു. ഈ വീക്ഷണത്തിലൂടെയാണ് ക്ഷേത്രപ്രവേശന വിളംബരം നടന്നിട്ടുള്ളത്.

1922 ൽ കാക്കിനടയിൽ ചേർന്ന കോൺഗ്രസ് സമ്മേളനമാണ് ക്ഷേത്രപ്രവേശനസമരം നടത്താനുള്ള തീരുമാനമെടുക്കുന്നത്. ക്ഷേത്രങ്ങളിൽ പ്രവേശനം ലഭിക്കുന്നതോടെ ദലിതർ വിശ്വാസപരമായി ഇതരവിഭാഗങ്ങളോട് തുല്യത പ്രാപിക്കുമ്പോൾ തന്നെ, ക്ഷേത്രങ്ങളിൽ അധികാരകേന്ദ്രങ്ങളെന്ന നിലയിൽ ദലിതരുടെ അധികാരപങ്കാളിത്തം ഉറപ്പാക്കുമെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. 1924ൽ ആരംഭിച്ച ചരിത്രപ്രസിദ്ധമായ വൈക്കം സത്യാഗ്രഹത്തിൽ നിന്ന് ബാരിസ്റ്റർ ജോർജ്ജ് ജോസഫ്, സെബാസ്റ്റ്യൻ, അബ്ദുൾ റഹിമാൻ എന്നിവരെ നീക്കം ചെയ്തതിനു കാരണവും മറ്റൊന്നല്ല.

1932ൽ പൂനാ കരാറിനെതിരായി ഗാന്ധി നടത്തിയ മരണം വരെയുള്ള സത്യാഗ്രഹവും മുകളിൽ പറഞ്ഞ നി

ലപാടുകളിലൂടെയാണ് പരിശോധി ക്കേണ്ടത്. ബ്രിട്ടീഷ് സർക്കാർ മുസ്ലി ങ്ങൾക്കൊപ്പം, ദലിതരുടെ അധികാര പങ്കാളിത്തമായ സെപ്പറേറ്റ് ഇലക്ട്രോ ലേറ്റ് പ്രഖ്യാപിച്ചപ്പോൾ അതിനെതി രെ മരണം വരെയുള്ള സത്യാഗ്രഹം (Epic fast-Pyarelal) നടത്തി എതിർ ക്കാൻ കാരണം, ദലിതർ ഹിന്ദുമത ത്തിൽ നിന്ന് വിച്ഛേദിക്കപ്പെടുമെന്നതു മാത്രമല്ല, ഹിന്ദുമതം തന്നെ വിഭജി ക്കപ്പെടുമെന്നതു കൊണ്ടു കൂടിയായി രുന്നു.ഗ്രാമസ്വരാജ് എന്ന കൃതിയിൽ ജാതിരഹിത, വർക്ഷരഹിത, സമൂഹം വിഭാവനം ചെയ്ത ഗാന്ധിജി ഗവൺ മെന്റിൽ ഹിന്ദു, മുസ്ലിം, പാഴ്സി, ക്രി സ്ത്യൻ, സിഖ് മതങ്ങൾക്ക് പ്രാതിനി ധ്യമുണ്ടായിരിക്കണമെന്നു വാദിക്കു മ്പോൾ ഹിന്ദുമതത്തിലെ വ്യത്യസ്ത വിഭാഗമായി ദലിതരെ കണക്കാക്കിയി രുന്നില്ല. എങ്കിലും അംബേദ്ക്കറുമാ യുള്ള ചർച്ചയിലൂടെ രൂപം കൊണ്ട ദ ലിതരുടെ സാമുദായികരാഷ്ട്രീയാവ കാശമായ സംവരണത്തെ അംഗീകരി ക്കാൻ ഗാന്ധിജിക്കു കഴിഞ്ഞെന്നു മാ ത്രമല്ല, ബില്ല് പാർലമെന്റിലവതരിപ്പി ച്ചപ്പോൾ അംബേദ്കറിന്റെ അഭ്യർ ത്ഥനയെ മാനിച്ച്, പാർലമെൻംഗങ്ങ ളെ ഫോണിലൂടെ ബന്ധപ്പെട്ട് ബില്ല് പാസ്സാക്കണമെന്ന് അദ്ദേഹം ആവശ്യ പ്പെടുകയും ചെയ്തു.

ഗാന്ധിജിയുടെ മാനവികമായ ആ ർജ്ജവം അംബേദ്കറുമായുള്ള ബ ന്ധത്തിലും പ്രകടമാണ്. 1936ൽ ലാ ഹോറിലെ ജാഠ്-പത്-തോഡക് മണ്ഡ ലിന്റെ വാർഷികസമ്മേളനത്തിൽ അ വതരിപ്പിക്കാൻ അംബേദ്കർ തയ്യാ റാക്കിയ അദ്ധ്യക്ഷപ്രസംഗം നിരസി ക്കപ്പെട്ടതിനെക്കുറിച്ച് ഗാന്ധിജി ഇപ്ര കാരമെഴുതി: ''ജാതിയെപ്പറ്റിയും ഹി ന്ദുമതഗ്രന്ഥങ്ങളെപ്പറ്റിയും ഡോ. അം ബേദ്കറുടെ അഭിപ്രായങ്ങൾ കമ്മറ്റി ക്ക് അറിയാമായിരുന്നതാണ്. അദ്ദേ ഹം ഹിന്ദുമതം ഉപേക്ഷിക്കാൻ തീരു മാനിച്ചിരുന്നതും കമ്മറ്റിക്ക് ബോധ്യ മായിരുന്നു താനും. അതിൽ കുറ ഞ്ഞൊന്നും ഡോ. അംബേദ്കറുടെ പ്രഭാഷണത്തിൽ പ്രതീക്ഷിക്കേണ്ട തില്ലായിരുന്നു. സമൂഹത്തിൽ തനതാ യ സ്ഥാനം കരസ്ഥമാക്കിയ ഒരു മനു ഷ്യന്റെ അഭിപ്രായങ്ങൾ ശ്രദ്ധിക്കാൻ പൊതുജനങ്ങൾക്ക് ലഭിക്കാമായിരുന്ന സന്ദർഭം നഷ്ടപ്പെടുത്തപ്പെട്ടു. ഭാവി യിൽ അദ്ദേഹത്തിന്റെ ലേബൽ എ



## ചരിത്രത്തിൽ നിന്ന്

**ഡോ. അംബേദ്ക്കറിന്റെ** വിവാഹം ഡോ. ശാരദാ കബീർ എന്നു പേരായ ബ്രാഹ്മണയുവതിയുമൊത്ത് നടന്നപ്പോൾ സർദാർ പട്ടേൽ അദ്ദേഹ ത്തിന് 1948 ഏപ്രിൽ 15ന് എഴുതിയ കത്തിൽ, ''ബാപ്പു ഇന്ന് ജീവിച്ചിരി പ്പുണ്ട് എങ്കിൽ അദ്ദേഹം താങ്കളെ തീർച്ചയായും ആശീർവദിക്കുമായിരുന്നു.'' അതിന് മറുപടിയായി അംബേദ്കർ എഴുതി ''ബാപ്പു ഇന്ന് ജീവിച്ചിരുന്നു വെങ്കിൽ അദ്ദേഹം ഈ വിവാഹത്തിന് ആശീർവാദം നൽകുമെന്ന കാര്യ ത്തിൽ ഞാൻ താങ്കളുമായി യോജിക്കുന്നു.''

...ഒരു ദിവസം ഡോ. അംബേദ്കർ തന്റെ വാഹനത്തിൽ സഞ്ചരിക്കുക യായിരുന്നു. ദില്ലിയിലെ കൊണാട്ട് പ്ലേസിൽ ഔട്ടർ കോണാട്ട് പ്ലേസ് റോഡി ലുള്ള ഖാദിഷോപ്പിന് മുന്നിലൂടെ പ്യാരേലാൽ നടന്നുപോകുന്നത് അദ്ദേഹം കണ്ടു. അദ്ദേഹം ഉടൻതന്നെ വാഹനം നിർത്തി. സ്വയം വാഹനത്തിൽ നിന്നു മിറങ്ങി പ്യാരേലാലിനെ കണ്ടുമുട്ടി. അദ്ദേഹം പറഞ്ഞു. ''നിർഭാഗ്യവശാൽ ഇന്ന് ബാപ്പുവില്ല. ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം തന്റെ വിവാഹത്തിൽ തീർച്ച യായും ആശീർവ്വാദം നൽകുമായിരുന്നു.'' അദ്ദേഹം സ്വയം സമ്മതിച്ചുകൊണ്ട് ഇത്രയും കൂടി പറയുകയുണ്ടായി. ''ഗാന്ധിജിയെ തിരിച്ചറിയാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല.''

*(അവലംബം: എന്റെ ജീവിതം തന്നെ എന്റെ സന്ദേശം - നാരായൺ ദേസായി, വാല്യം 3 - സത്യപഥം, 'ഗാന്ധിയും അംബേദ്കറും', പുറം 141.)*

ന്തായിരുന്നാലും അദ്ദേഹം വിസ്മൃത നാകാൻ സ്വയം അനുവദിക്കുന്ന വ്യ ക്തിയല്ല''. അംബേദ്കറിന്റെ ബുദ്ധമ തപ്രവേശനത്തെ അധിക്ഷേപിക്കുക യായിരുന്നില്ല. മറിച്ച് അദ്ദേഹം എ ഴുതി: ''പല നേതാക്കളും ഹിന്ദുമത ത്തിൽ തന്നെ നിൽക്കുന്നുവെന്നതു കൊണ്ട് അംബേദ്കറുടെ പ്രസ്താവന യെ അവഗണിക്കാൻ വയ്യ. സവർണർ അവരുടെ വിശ്വാസവും പെരുമാറ്റവും തിരുത്തിക്കുറിക്കണം. സവർണരിൽ വിദ്യാസമ്പന്നരും സ്വാധീനശക്തരുമാ യവർ വിശുദ്ധ ഗ്രന്ഥങ്ങൾക്ക് ആധി കാരികമായ വ്യാഖ്യാനം ചമയ്ക്ക ണം.'' ഇത്തരം നിലപാടുകൾ ചരിത്ര പരമാകുന്നത് സാമൂഹികവിഭജനത്തെ ദൈവികകൽപനയുടെ ഭാഗമാക്കിയ ഹിന്ദുമതത്തെ ദുർബലമാക്കാൻ സ ഹായിച്ചുവെന്നതുകൊണ്ടാണ്. മറ്റൊ രുവിധത്തിൽ പറഞ്ഞാൽ, സമത്വത്തി നുവേണ്ടിയുള്ള ദലിത് സമരങ്ങളെ ശ ക്തമാക്കാൻ ഗാന്ധിജിയുടെ അയി ത്തോച്ചാടനത്തിനു കഴിഞ്ഞുവെന്ന താണ്.

### ഹരിജനോദ്ധാരണം

ഇന്ന്, ഏറെക്കുറെ തിരസ്കരിക്കപ്പെട്ടി ട്ടുണ്ടെങ്കിലും ഗാന്ധിജിയുടെ 'ഹരി ജൻ' നാമകരണം ദേശീയമായി ദലിത രുടെ വ്യതിരിക്തമായ സാമുദായികാ വസ്ഥയുടെ അംഗീകാരമായിരുന്നു. തുടർന്നുള്ള ഹരിജനോദ്ധാരണപ്രവർ ത്തനങ്ങൾക്ക് സ്വന്തം വിശ്വാസപ്രമാ ണങ്ങളുടെ പിൻബലമുണ്ടായിരുന്നു. 1920ൽ അദ്ദേഹം പറഞ്ഞു: 'അയിത്തം എന്ന കൊടിയ പാപം നീക്കം ചെയ്യാ തെ സ്വരാജ് കൈവരിക്കാനാവില്ല.' പിന്നീട് അദ്ദേഹം 1921ൽ പ്രസ്താവി ച്ചു: 'ഞാൻ പുനർജന്മം ആഗ്രഹിക്കു ന്നില്ല. എന്നാൽ, ഒരിക്കൽക്കൂടി ജനി ക്കുകയാണെങ്കിൽ അതൊരു അയിത്ത ക്കാരനായിട്ടായിരിക്കണം.' ഇപ്രകാരമു ള്ള വിശ്വാസങ്ങളുടെ അടിസ്ഥാന ത്തിൽ 1932 സെപ്തംബർ 30ന് അദ്ദേ ഹം ദലിതർക്കായൊരു സംഘടന (All India Antitouchability League) രൂപവ ത്കരിച്ചു. പിറ്റേവർഷം, ഒരു ഹ്രസ്വ കാലം അംബേദ്കർകൂടി അംഗമായിരു ന്ന പ്രസ്തുത സംഘടനയെ ജി.ഡി. ബിർല പ്രസിഡന്റും എ.വി. താക്കൂർ സെക്രട്ടറിയുമായി ആൾ ഇന്ത്യ ഹരി ജൻ സേവക് സമാജ് ആയി പുനർനാ മകരണം ചെയ്തു. ഈ സംഘടനയാ ണ് ദളിതരുടെ ഉന്നമനത്തിനായി ഒരു കോടി രൂപയുടെ ഫണ്ട് സമാഹരിക്കു ന്നത്. ഫണ്ട് സമാഹരിക്കുന്നതിനും അയിത്തോച്ചാടനപ്രചരണത്തിനുമായി ഗാന്ധിജി 'ഹരിജൻ' എന്ന ചെറിയൊ രു പത്രം പ്രസിദ്ധീകരിച്ചു. ഈ സം

രംഭം ശ്രദ്ധേയമാകുന്നത് ദേശീയസമൂഹത്തിൽ ദലിതരെ സ്ഥാപിക്കാൻ കഴിഞ്ഞതിലൂടെ മാത്രമല്ല, ദലിതരുടെ പ്രശ്നങ്ങളെ ദേശീയ സമൂഹത്തിന്റെ പ്രശ്നമാക്കാൻ കഴിഞ്ഞതിലൂടെയാണ്.

ഹരിജനോദ്ധാരണം, കേവലം സാമൂഹിക പരിഷ്കരണമായിരുന്നില്ല, മറിച്ച് രാഷ്ട്രീയപ്രവർത്തനംകൂടിയായിരുന്നു. അതുകൊണ്ടാണ് കോൺഗ്രസിന്റെ ഭരണഘടനയിൽ, അയിത്തോച്ചാടനത്തോടൊപ്പം ഹരിജനോദ്ധാരണവും പ്രവർത്തകർ അനുഷ്ഠിക്കേണ്ട കടമയായി മാറിയത്. ഇതിന്റെ ഫലമായാണ് പിൽക്കാലത്ത് ബാബു ജഗജ്ജീവൻ റാം ഇന്ത്യയുടെ ഉപപ്രധാനമന്ത്രിപദത്തിലേക്കുയർന്നപ്പോൾ കേരളത്തിൽ കെ. കേളപ്പനെപ്പോലുള്ളവർക്ക് ഹരിജനോദ്ധാരണത്തിലൂടെ കോൺഗ്രസിന്റെ സമുന്നതസ്ഥാനത്തെത്തിച്ചേരാൻ കഴിഞ്ഞത്. തിരുവിതാംകൂറിൽ ചങ്ങനാശേരി പരമേശ്വരൻപിള്ളയ്ക്ക് അയ്യങ്കാളി പ്രസ്ഥാനവുമായി ഏകീകരിക്കാൻ കഴിഞ്ഞതും 1910ൽ പുലയസ്ത്രീകളുടെ കല്ലുമാല ബഹിഷ്കരണത്തെത്തുടർന്ന് നടന്ന പെരിനാട്ട് ലഹള അവസാനിപ്പിക്കാൻ ചേർന്ന സമ്മേളനത്തിലെ അധ്യക്ഷസ്ഥാനം വഹിക്കാൻ കഴിഞ്ഞതും ഗാന്ധീയൻപാത പിന്തുടർന്നതുകൊണ്ടാണ്.

രാജ്യത്തിനുള്ളിൽ പ്രാദേശികമായി രൂപംകൊണ്ട, തന്റേതിൽ നിന്നു ഭിന്നമായ കീഴാള നവോത്ഥാനധാരകളെ അംഗീകരിക്കാനും ഗാന്ധിജിക്കു കഴിഞ്ഞിരുന്നു. അതുകൊണ്ടാണ് കേരളത്തിലെത്തിയ ഗാന്ധി ശ്രീനാരായണ ഗുരുവിനെയും അയ്യങ്കാളിയെയും സന്ദർശിക്കുന്നത്. ഗാന്ധിയുടെ അയ്യങ്കാളിയുമായുള്ള കൂടിക്കാഴ്ചയ്ക്ക് സവിശേഷമായ പ്രാധാന്യമാണുള്ളത്. വൈക്കം സത്യാഗ്രഹത്തിൽ ശ്രീനാരായണഗുരുവിന് അനിഷേധ്യമായ പ്രാതിനിധ്യമാണുണ്ടായിരുന്നതെങ്കിൽ, അയ്യങ്കാളി പ്രസ്തുത സമരത്തെ പിന്താങ്ങുകയോ അതിൽ പങ്കെടുക്കുകയോ ചെയ്തിരുന്നില്ല. അക്കാലത്ത്, തിരുവിതാംകൂറിൽ വിപുലമായ സ്വാധീനമുണ്ടായിരുന്ന സ്റ്റേറ്റ് കോൺഗ്രസിനോട് അദ്ദേഹത്തിന് ആഭിമുഖ്യമുണ്ടായിരുന്നില്ല. ഇപ്രകാരം വ്യത്യസ്ത ആശയഗതി പുലർത്തിയിരുന്ന അയ്യങ്കാളി, ഗാന്ധിയുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് 'എന്റെ സമുദായത്തിൽ പത്ത് ബി.എക്കാരുണ്ടാകണ'മെന്ന ജീവിതാഭിലാഷം വ്യക്തമാക്കിയത്. ഈ ജീവിതാഭിലാഷത്തെ അംഗീകരിച്ചതോടൊപ്പം അയ്യങ്കാളിക്ക് ഗാന്ധി നൽകിയ അംഗീകാരമായിരുന്നു 'പുലയരാജാവ്' എന്ന വിശേഷണം. ഈ വിശേഷണം അയ്യങ്കാളി രൂപവത്കരിച്ച സാധുജന പരിപാലന സംഘത്തിലൂടെയുള്ള പ്രതിനിധാനത്തിന് വിരുദ്ധമായിരുന്നെങ്കിലും കേരളത്തിന്റെ സാമൂഹികചരിത്രമെഴുതിയ കോൺഗ്രസ്, കമ്യൂണിസ്റ്റ്, സോഷ്യലിസ്റ്റ് നേതൃത്വങ്ങൾ അദ്ദേഹത്തെ ചരിത്രത്തിൽ സ്ഥാനപ്പെടുത്തിയില്ലെന്ന പാഠവത്കരണം നിലനിൽക്കുമ്പോഴാണ് ഗാന്ധിയുടെ നിലപാടിന്റെ പ്രാധാന്യം വ്യക്തമാകുന്നത്.

### ഗാന്ധിജിയുടെ വർത്തമാനം

രാഷ്ട്രത്തിന്റെ സാമ്പത്തിക പുനർനിർമ്മിതിക്കോ സിവിൽ ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾക്കോ ഗാന്ധിയൻ ചിന്തകൾ സ്വീകാര്യമല്ലെന്നു തെളിയിച്ചത്, ഗാന്ധിജിയുടെ പ്രസ്ഥാനത്തിലൂടെ ദേശീയരാഷ്ട്രീയത്തിലും ഭരണാധികാരത്തിലുമെത്തിയവർതന്നെയാണ്. എങ്കിലും, ഗാന്ധിയൻ ചിന്തകൾ സാമൂഹിക ജനാധിപത്യവത്കരണത്തിന്റെയും അടിത്തട്ട് സമ്പദ്ഘടനയുടെ ഘടകങ്ങളായും നിലനിൽക്കുണ്ട്. ഈ മൂല്യവ്യവസ്ഥയെ രാഷ്ട്രം ഉൾക്കൊള്ളാതിരുന്നതിന്റെ ഫലമായാണ് സ്വാതന്ത്ര്യപ്രാപ്തിയുടെ 62-ാം വർഷത്തിലും രാജ്യത്തിന്റെ പല ഭാഗങ്ങളിലും അയിത്തം നിലനിൽക്കുന്നത്. മാത്രമല്ല, സാമൂഹിക നീതിനിഷേധവും ദലിതർക്കെതിരായ അതിക്രമങ്ങളും തുടരുന്നുമുണ്ട്. രാഷ്ട്രീയാധികാരം കൈവരിക്കാനും അതിനെ ഉറപ്പിച്ചുനിർത്താനുംവേണ്ടി സാമൂഹികപരിഷ്കരണം കൈയൊഴിഞ്ഞ രാഷ്ട്രീയപ്രസ്ഥാനങ്ങളും ഭരണകൂടവും ഭരണകൂടാവകാശങ്ങൾപോലും ദലിതർക്കു നൽകാൻ വിസമ്മതിക്കുന്ന ദുഃസ്ഥിതിയാണുള്ളത്. ഇതിന്റെ ഫലമായി രാജ്യത്തിലുട നീളം ദലിത് പ്രസ്ഥാനങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ഈ പ്രസ്ഥാനങ്ങൾ അംബേദ്കറിന്റെ ആശയങ്ങൾ ഉയർത്തിപ്പിടിക്കുമ്പോൾത്തന്നെ ഗാന്ധിയൻ മൂല്യങ്ങളായ അഹിംസ, സത്യം, സത്യഗ്രഹം, സാമൂദായിക സഹവർത്തിത്വം എന്നിവയുൾക്കൊള്ളുന്നവയാണ്. ദലിത് സമുദായത്തെ ആന്തരികമായി പരിഷ്കരിക്കാനുതകുന്ന ഇത്തരം മൂല്യങ്ങൾ ഗാന്ധിജി പ്രദാനം ചെയ്തതുകൊണ്ടാണ് 1954 സെപ്തംബർ ആറിന് രാജ്യസഭയിൽ നടന്ന അനുസ്മരണച്ചടങ്ങിൽ ഡോ. ബി.ആർ. അംബേദ്കർ ഇങ്ങനെ പറഞ്ഞത്: 'അദ്ദേഹം എന്റെയും എന്റെ സമുദായത്തിന്റെയും ബന്ധുവും സുഹൃത്തുമായിരുന്നു.' ഈ സംവാദമണ്ഡലമാണ് ദലിതരുടെ ഗാന്ധിയുടെ പാഠവത്കരണം.

*(കടപ്പാട്: ബുദ്ധനിലേക്കുള്ള ദൂരം, ഡി.സി. ബുക്സ്)*


**അടുത്തലക്കം**

## ലൈംഗികത

പ്രത്യേകപതിപ്പ്

കൂടാതെ

**ഗാന്ധി സംവാദങ്ങൾ തുടരുന്നു...**

**കുടിയന്റെ കുമ്പസാരം**
ഡോ. ജോൺസ് പൂമല

**പരാതിപ്പെടാനാകാത്ത ആണധികാരം**
ഗീഥ

**മാലിന്യമുക്ത കേരളം**
കെ.ആർ. ഇന്ദിര

അഭിമുഖം - **പി. സായിനാഥ്...**

## പ്ലാച്ചിമടയിൽ മാധ്യമ സംഗമം

കേരളീയത്തിന്റെ ആഭിമുഖ്യത്തിൽ
**2012 ഏപ്രിൽ 21, 22**

പ്ലാച്ചിമട സമരത്തിൽ
പല കാലങ്ങളിൽ ഇടപെട്ട
ബഹുവിധ മാധ്യമ സുഹൃത്തുക്കൾ
ഒത്തുചേർന്ന്
തുടർ സഹകരണങ്ങളുടെ
ദിശ ആലോചിക്കുന്നു.
*ബന്ധങ്ങൾക്ക്: 9446576943*

പ്ലാച്ചിമട സമരം
11-ാം വാർഷികം
**2012 ഏപ്രിൽ 22 ന് പ്ലാച്ചിമടയിൽ**
*ബന്ധങ്ങൾക്ക്: 9744831675*

സംസ്ഥാന
ജൈവകർഷക സംഗമം
**2012 മെയ് 11,12,13. എടപ്പാൾ**
*ബന്ധങ്ങൾക്ക്: 9747737331, 9496149173*